MR. KALATHIL VELAYUDHAN NAIR : ഇതിന്റെ ചുമതല ആർക്കാണ്.

HON'BLE MR. T. K. NARAYANA PILLAI അത് ഗവണ്മെന്റിനു തന്നെ. അങ്ങിനെ അല്ലെങ്കിൽ നടപടി എടുക്കുകയില്ലായിരുന്നു.

MR. KALATHIL VELAYUDHAN NAIR : അങ്ങിനെ എഗ്രിമെന്റനുസരിച്ചു ചെയ്യാതിരുന്നാൽ അവരുടെ കരാറ് ക്യാൻസൽ ചെയ്യുന്നതിനു വ്യവസ്ഥയില്ലേ ?

HON'BLE MR. T. K. NARAYANA PILLAI : ഇല്ല.

MR. KALATHIL VELAYUDHAN NAIR : അപ്പോൾ ഇതിന്റെ നഷ്ടം ആരു സഹിക്കണം?

HON'BLE MR. T. K. NARAYANA PILLAI : അത് നിയമപരമായ ഒരു ചോദ്യമാണ്.

MR. PAUL THALIATH (*Parur III—General*) : കഴിഞ്ഞ കൊല്ലം വേലക്കാരെ കിട്ടാത്തതുകൊണ്ടാണ് വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാത്തതെന്നു പറഞ്ഞു. എന്നാൽ വേലക്കാരെ പിരിച്ചുവിട്ടിരിക്കുന്നതായി അറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : വേലക്കാരെ പിരിച്ചു വിട്ടിരിക്കുന്നത് ഇക്കൊല്ലത്തിലാണ്. കഴിഞ്ഞ കൊല്ലത്തിലല്ല.

MR. K. P. NILAKANTA PILLAI : വേലക്കാരെ കിട്ടാത്തതുകൊണ്ട് വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടില്ല എന്നു പറഞ്ഞാൽ അത് തക്കതായ മറുപടി ആണോ ?

HON'BLE MR. T. K. NARAYANA PILLAI : അല്ലാത്തതുകൊണ്ടാണു ഇക്കൊല്ലം വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുള്ളത്.

ലാക്കപ്പുകൾ.

*357. MR. K. RAMAKRISHNA PILLAI: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പോലിസുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) തിരുവിതാംകൂറിൽ ആകെ എത്ര ലാക്കപ്പുകൾ ഉണ്ട് ?

(ബി) അവയിൽ മലമൂത്രവിസർജ്ജനത്തിനു സൗകര്യമുള്ള ലാക്കപ്പുകൾ എത്ര ?

HON'BLE MR. T. K. NARAYANA PILLAI : (എ) നൂറ്.

(ബി) നൂറു ലാക്കപ്പുകളിൽ 87 എണ്ണത്തിൽ മാത്രമേ ജയിൽ പുള്ളികളെ സൂക്ഷിക്കുന്നുള്ളൂ. അവയിൽ മുഴുവൻ എണ്ണത്തിൽ മലമൂത്രവിസർജ്ജനത്തിനുള്ള ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. RAMAKRISHNA PILLAI : ബാക്കിയുള്ളവയിൽ കൂടി സൗകര്യം ഉണ്ടാക്കുമോ?

HON'BLE MR. T. K. NARAYANA PILLAI : ഉണ്ടാക്കണം എന്ന കാണിച്ച് നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. അതിനെ തുടർന്നാണ് ഈ പതിമൂന്നെണ്ണത്തിൽ സൗകര്യം ഉണ്ടാക്കിയിട്ടുള്ളത്. ബാക്കിയുള്ളവയിൽ താമസിയാതെ സൗകര്യം ഉണ്ടാക്കുന്നതാണ്.

MR. VARGHESE AUGASTIN : ചില ലാക്കപ്പുകളിൽ പുള്ളികൾ മല മൂത്രവിസർജനം ചെയ്യുന്നതിന് പാത്രങ്ങളാണ് ഉപയോഗിക്കേണ്ടി വരുന്നതെന്നറിയാമോ?

HON'BLE MR. T. K NARAYANA PILLAI: അറിയാം.

MR. EAPPAN ARACKAL : ലാക്കപ്പിനോടനുബന്ധിച്ച അടുത്ത മുറിയിൽ ലട്രിൻ ഉണ്ടാക്കാമോ?

HON'BLE MR. T. K. NARAYANA PILLAI : അങ്ങിനെയുള്ള മുറികൾ പണിയിക്കുന്നതോടുകൂടി അവയിൽ ഫ്ളഷ് ഔട്ടും ഉണ്ടാക്കണമെന്നാണ് ഗവണ്മെൻറ് വിചാരിക്കുന്നത്.

WRITTEN ANSWERS

റോഡുകൾ.

* 358. MR. K. RAMAKRISHNA PILLAI : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പി. ഡബ്ലിയു. വകുപ്പ് മന്ത്രി സദയം മറുപടി പറയുമോ?

(എ) തോട്ടപ്പള്ളി–അന്ധകാരനഴി റോഡിൽ തോട്ടപ്പള്ളി മാരാരിക്കുളം, വരെയുള്ള റോഡ്.

(ബി) അമ്പലപ്പുഴ പടിഞ്ഞാറെ നടയിലേക്കുള്ള റോഡ്

(സി) അമ്പലപ്പുഴ—തകഴിറോഡ്,

(ഡി) ആലപ്പുഴ—മല്ലുക്കൽ റോഡ്

(ഇ) ആലപ്പുഴ—കളർകോടു റോഡ്

(എഫ്) ആലപ്പുഴ—കൈനാട്ട് റോഡുകൾ,

(ജി) ആലപ്പുഴ—കല്ലൻ റോഡ്

(എച്ച്) ആലപ്പുഴ—മുഹമ്മറോഡ്

(ഐ) ആലപ്പുഴ—മണ്ണഞ്ചേരിറോഡ്

(ജെ) കലവൂർ—മണ്ണഞ്ചേരി റോഡ്

(കെ) കലവൂർ—കാട്ടൂർ റോഡ്

(എൽ) തുമ്പോളി—മാരാരിക്കുളം റോഡ് ഇവ;

LIBRARY ARCHIVES Kerala Legislative Assembly